(2) പേരാവൂർ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ കാറ്റ് വീശിയതുമൂലം ഉണ്ടായ നാശനഷ്ടം

പ്രൊഫ. എ. ഡി. മുസ്തഫ: കഴിഞ്ഞ ശനി, ഞായർ ദിനങ്ങളിൽ, അതായത് 3, 4 തീയതികളിൽ എന്റെ നിയോജകമണ്ഡലത്തിൽപെട്ട അച്ചൻകുന്ന് ഗ്രാമപഞ്ചായത്തിൽ മഴയും ഉരുൾപൊട്ടലുംമൂലം വമ്പിച്ച കൃഷിനാശവും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ചിരിക്കുകയാണ്. 5 വീടുകൾ പൂർണ്ണമായും തകർന്നു. 8 വീടുകൾ ഭാഗീകമായി തകർന്നു. 2 പാലങ്ങൾ തകർന്നു. അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റുതന്നെ അസ്സസ്സ് ചെയ്തിരിക്കുന്നത് 50 ലക്ഷംരൂപയുടെ വിളനഷ്ടമുണ്ടായി എന്നുള്ളതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ജൂലായ് മാസം 3, 4 തീയതികളിൽ അവിടെ ഉണ്ടായ ഉരുൾ പൊട്ടലിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വമ്പിച്ച നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വീടുകൾ നശിച്ചുപോയി. നഷ്ടപരിഹാരം കൊടുക്കണം. കൃഷി സ്ഥലത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് ഒന്നേകാൽ ലക്ഷം രൂപയുടെ നഷ്ടം വന്നിട്ടുണ്ട് എന്നാണ് ഗവണ്മെന്റ് കണക്കാക്കുന്നത്. 10 ഏക്കർ സ്ഥലം പൂർണ്ണമായി നശിച്ചു. 8 പേരുടെ കൃഷിസ്ഥലമാണ് നശിച്ചിട്ടുള്ളത്. കൃഷി നാശത്തിന് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. 3, 4 തീയതികളിലാണ് ഇതുണ്ടായത്. അതായത് ഈയടുത്ത ദിവസങ്ങളിലാണ്. കൃഷിനാശമൊക്കെ തിട്ടപ്പെടുത്തി കൃഷി ഭവൻ റവന്യൂ വകുപ്പിനു റിപ്പോർട്ട് തരും. റവന്യൂ വകുപ്പ് നഷ്ടപരിഹാരം കൊടുക്കും.

(3) പലകപ്പാണ്ടി പദ്ധതി പൂർത്തിയാക്കേണ്ടതിന്റേയും മൂലത്തറ ഇടതുകര കനാലിന്റെ ശേഷി വർദ്ധിപ്പിക്കേണ്ടതിന്റേയും ആവശ്യകത

ശ്രീ. കെ. എ. ചന്ദ്രൻ: പലകപ്പാണ്ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റേയും മൂലത്തറ-ഇടതുകര കനാലിന്റെ ശേഷി വർദ്ധിപ്പിക്കേണ്ടതിന്റേയും അടിയന്തിര ആവശ്യമാണു സഭയിൽ ഉന്നയിക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ധനാഭ്യർത്ഥന വേളയിൽ മറുപടി പറഞ്ഞപ്പോൾ പലകപ്പാണ്ടി പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ആരംഭിക്കുമെന്ന് പറഞ്ഞു. സന്തോഷവും നന്ദിയുമുണ്ട്. ആരംഭിച്ചാൽ പോര, ഈ സാമ്പത്തിക വർഷത്തിൽ അത് പൂർത്തിയാക്കേണ്ടതും അത്യാവശ്യമാണ്. മീങ്കര-ചുള്ളിയാർ ജലസേചന പദ്ധതി കൃാച്ച്മെന്റ് ഏരിയ മഴനിഴൽ പ്രദേശമായി മാറിക്കഴിഞ്ഞു. ജലസംഭരണാവശ്യങ്ങൾക്ക് ഉണ്ടാക്കിയ ഏരികുളങ്ങൾ മഴക്കുറവു കാരണം സംഭരണശേഷിക്കനുസരിച്ച് നിറയ്ക്കാനേ കഴിയുന്നില്ല. ഇതിന് പരിഹാരമുണ്ടാക്കാൻ നെല്ലിയാമ്പതി മലയിൽ നിന്ന് ഒഴുകിപ്പോകുന്ന വെള്ളം തിരിച്ചെടുക്കാൻ പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കുകയും, ചിറ്റൂർപുഴയിൽകൂടി ഒഴുകിപ്പോകുന്ന പ്രളയജലം

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചെടുക്കുകയും മാത്രമേ മാർഗ്ഗമുള്ളൂ. പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കുമെന്നു സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇത് ജലവിഭവ വകുപ്പ്, ധനം, വനം, റവന്യൂ എന്നീ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം അത്യന്താപേക്ഷിതമായിട്ടുണ്ട്. ഇതിന് ഒരു മോണിറ്ററിംഗ് സെല്ലുണ്ടാക്കി പലകപ്പാണ്ടി പദ്ധതി കഴിയുന്നതും വേഗം പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കണം. മഴക്കാലങ്ങളിൽ ചിറ്റൂർ പുഴയിൽകൂടി ഒഴുകിപ്പോകുന്ന വെള്ളത്തിന്റെ ഒരു ചെറിയ അംശം മാത്രമേ ഇപ്പോൾ നമുക്ക് സംഭരിക്കാൻ കഴിയുന്നുള്ളൂ. ഇത് മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമായിട്ടുണ്ട്. ഇതിന് മൂലത്തറ-ഇടതുകര കനാൽ, മീങ്കര-ചുള്ളിയാർ ലിങ്ക് കനാൽ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിന് വരൾച്ചാനിവാരണ സംസ്ഥാന കമ്മിറ്റിക്ക് അടിയന്തിരമായി അംഗീകാരം നൽകി പണിയാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കേണ്ടിയിരിക്കുന്നു. വിവിധ വകുപ്പുകൾ യോജിച്ച് ചെയ്തുവെങ്കിൽ മാത്രമേ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ആശിക്കുന്നതുപോലെ പൂർത്തിയാക്കാൻ കഴിയൂ. ഇതിന്റെ ഗൗരവം അങ്ങേയ്ക്കറിയാം. സർക്കാർ മുതൽ മുടക്കി ചുള്ളിയാർ ഡാം പണിതുവെങ്കിലും ഇന്നുവരെ ഒരു തവണ മാത്രമേ കൃാച്ച്മെന്റ് ഏരിയായിലെ മഴവെള്ളംകൊണ്ട് ഡാം നിറയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഡാമിലെ വെള്ളത്തെ ആശ്രയിച്ച് കൃഷി തുറക്കുന്ന പതിനായിരക്കണക്കിന് ഏക്കർ ഫലഭൂയിഷ്ടമായ മണ്ണ് ഇന്ന് ഉണങ്ങി വരണ്ട് നശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പലകപ്പാണ്ടി പദ്ധതിയും, കനാൽ ശേഷി വർദ്ധിപ്പിക്കലും അടിയന്തിര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കണം. അതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ കൈയ്യയഞ്ഞ് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളോട് എനിക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ല. ചിറ്റൂർ താലൂക്കിലും അദ്ദേഹം പറഞ്ഞ മറ്റു പ്രദേശങ്ങളിലുമൊക്കെ വളരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ഒരു പ്രോജക്ട് ആയിട്ടാണ് പലകപ്പാണ്ടി പദ്ധതി ഗവണ്മെന്റ് അംഗീകരിച്ചത്. അതിന് 9,10,00,000 രൂപയാണ് ഇപ്പോഴത്തെ മതിപ്പ് ചെലവ്. അതിനുള്ള അനുവാദം ഗവണ്മെന്റ് കൊടുത്തു. ന്യൂ സർവ്വീസ് പ്രൊസീഡർ പ്രകാരം പണം കണ്ടെത്താനുള്ള പരിപാടികൾ ആരംഭിച്ചു. ഈ വർഷം തന്നെ അതിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനു പുറമെ അദ്ദേഹം സൂചിപ്പിച്ച മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റൊരു കാര്യം ഫോറസ്റ്റിന്റെ ഭൂമിയെ സംബന്ധിച്ചാണ്. അത് നമ്മുടെ രേഖകളിൽ അങ്ങനെ കിടക്കുന്നുവെന്നു മാത്രമേയുള്ളൂ. അവിടെ ഒരു മരംപോലുമില്ല. ഞാൻ ഫോറസ്റ്റ് വകുപ്പുമന്ത്രിയുമായിട്ട് പേഴ്സണലായി സംസാരിച്ചിട്ടുണ്ട്. രേഖകളിൽ വനഭൂമി എന്ന് കാണുന്നുവെന്നു മാത്രമേയുള്ളൂ. അതുകൊണ്ട് ഒരു പ്രശ്നമുണ്ടാകാതെ മുന്നോട്ടുപോകാൻ സാധിക്കും. ഇതിന്റെ വിയറിന്റെ നിർമ്മാണവും ചെറിയ കനാലിന്റെ നിർമ്മാണവും മാത്രമേ ആവശ്യമുള്ളൂ. അത് ഒരു വർഷംകൊണ്ട് പൂർത്തിയാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ഒരു വർഷംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly